# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .ഇ.കെ.എം. (ബിപി)463/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ),എറണാകുളം
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ .ഇ.കെ.എം. (ബിപി)463/22 തീയ്യതി: 07/07/2022

## എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനിമോൾ.കെ.ജി | ജോയിന്റ് ഡയറക്ടർ | 09-03-2022 | 15-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-03-2022 | 15-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ.അബ്ദുൾസലാം.ടി.ഐ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2) ശ്രീ.ഗോപകുമാർ.എം.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3) ശ്രീമതി.വൃന്ദ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

4) ശ്രീമതി.ബെറ്റ്സി.സി.എക്സ്,ഓഡിറ്റർ

5) ശ്രീ.ടിനു.കെ.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നൂർജ്ജഹാൻ സക്കീർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | പ്രസിഡന്റ് | 12-11-2020 | 30-12-2020 |
| കെ.എം.അൻവർ അലി | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| പ്രസാദ്.എസ് | സെക്രട്ടറി | 01-04-2020 | 07-08-2020 |
| ഫ്ലവിഷൽ ലാൽ.ടി.വി | സെക്രട്ടറി | 08-08-2020 | 09-08-2020 |
| ശ്രീദേവി.കെ.ജി | സെക്രട്ടറി | 10-08-2020 | 31-01-2021 |
| ഫ്ലവിഷൽ ലാൽ.ടി.വി | സെക്രട്ടറി | 01-02-2021 | 07-02-2021 |
| ജയ സുരേന്ദ്രൻ | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഫാൻസി പരമേശ്വരൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| സിന്ധു.വി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| പാർവ്വതി കൃഷ്ണപ്രസാദ് | ക്ഷീരവികസന ഓഫീസർ | 01-04-2020 | 04-04-2020 |
| സുജിത്ത്.പി.രാഘവൻ | ക്ഷീരവികസന ഓഫീസർ | 05-04-2020 | 31-03-2021 |
| ഡോ.അനിത.എൻ.ഷേണായി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വെങ്ങോല | 01-04-2020 | 31-03-2021 |
| ഡോ.മോഹനചന്ദ്രൻ.എ.പി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മലയിടംതുരുത്ത് | 01-04-2020 | 31-03-2021 |
| സുധീഷ് ബോസ് | വ്യവസായ വികസന ഓഫീസർ | 01-04-2020 | 30-11-2020 |
| ഷൈമാബീവി.പി.കെ | വ്യവസായ വികസന ഓഫീസർ | 01-12-2020 | 31-03-2021 |
| സുജ ജേക്കബ് | ശിശു വികസന പദ്ധതി ഓഫീസർ, വാഴക്കുളം | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ജലജ | ശിശു വികസന പദ്ധതി ഓഫീസർ, വാഴക്കുളം(അഡീഷണൽ) ആലുവ | 01-04-2020 | 31-03-2021 |
| ഷൈനി.സി.വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഷിഹാബുദ്ദീൻ.പി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ബിജിമോൾ ഭാസ്കരൻ | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്) | 01-06-2020 | 22-06-2020 |
| ജാസ്മിൻ മോൾ.ടി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്) | 23-06-2020 | 12-01-2021 |
| എൽദോസ് പോൾ | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്) | 12-01-2021 | 19-02-2021 |
| ഫിറോസ് മോൻ.എ.എം | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്) | 20-02-2021 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Gopakumar (Asst. Audit Officer, On 11-03-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: TINU K.J. (Auditor, On 11-03-2022)<br>Last Updated By: TINU K.J. (Auditor, On 11-03-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക - അപാകതകൾ<br>Written By: TINU K.J. (Auditor, On 15-03-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം ( റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: TINU K.J. (Auditor, On 11-03-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: TINU K.J. (Auditor, On 14-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: TINU K.J. (Auditor, On 14-03-2022)<br>Last Updated By: Vrinda C S (Senior Grade Auditor, On 14-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vrinda C S (Senior Grade Auditor, On 11-03-2022)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: TINU K.J. (Auditor, On 11-03-2022)<br>Last Updated By: TINU K.J. (Auditor, On 11-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: TINU K.J. (Auditor, On 11-03-2022)<br>Last Updated By: Abdul Salam T.I (Audit Officer, On 14-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: M.S.Gopakumar (Asst. Audit Officer, On 15-03-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: TINU K.J. (Auditor, On 11-03-2022)<br>Last Updated By: Vrinda C S (Senior Grade Auditor, On 14-03-2022) | 1-10 |
| 12 | രസീത് പരിശോധന - അപാകങ്ങൾ<br>Written By: TINU K.J. (Auditor, On 15-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-11 |
| 13 | ഗ്രാന്റിനത്തിൽ വരവ് വന്ന തുക ചെലവാക്കിയില്ല.<br>Written By: TINU K.J. (Auditor, On 15-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-12 |
| 14 | തനത് ഫണ്ട് ചെലവ് - അപാകതകൾ<br>Written By: Abdul Salam T.I (Audit Officer, On 15-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-13 |
| 15 | പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Abdul Salam T.I (Audit Officer, On 15-03-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 1-14 |
| 16 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വെങ്ങോല – നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Betsy C.X (Auditor, On 15-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-15 |
| 17 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മലയിടംതുരുത്ത് – നടപ്പിലാക്കിയ | 1-16 |

| | | |
|---|---|---|
| | പദ്ധതിയിലെ അപാകതകൾ<br>Written By: Betsy C.X (Auditor, On 15-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | |
| 18 | കുഴിച്ചെടുത്ത മണ്ണിന്റെ വില കുറയ്ക്കുകയോ ഉപയോഗം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല<br>Written By: M.S.Gopakumar (Asst. Audit Officer, On 16-03-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 1-17 |
| 19 | ആസ്തി പരിപാലനവും മോണിറ്ററിംഗും ഫലപ്രദമല്ല<br>Written By: M.S.Gopakumar (Asst. Audit Officer, On 16-03-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 1-18 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vrinda C S (Senior Grade Auditor, On 14-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vrinda C S (Senior Grade Auditor, On 14-03-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vrinda C S (Senior Grade Auditor, On 14-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Vrinda C S (Senior Grade Auditor, On 14-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Vrinda C S (Senior Grade Auditor, On 14-03-2022)<br>Last Updated By: Vrinda C S (Senior Grade Auditor, On 14-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Vrinda C S (Senior Grade Auditor, On 14-03-2022)<br>Last Updated By: Vrinda C S (Senior Grade Auditor, On 14-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vrinda C S (Senior Grade Auditor, On 14-03-2022)<br>Last Updated By: Vrinda C S (Senior Grade Auditor, On 14-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Vrinda C S (Senior Grade Auditor, On 14-03-2022)<br>Last Updated By: Vrinda C S (Senior Grade Auditor, On 14-03-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Vrinda C S (Senior Grade Auditor, On 14-03-2022)<br>Last Updated By: Vrinda C S (Senior Grade Auditor, On 14-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vrinda C S (Senior Grade Auditor, On 14-03-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vrinda C S (Senior Grade Auditor, On 14-03-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 ലെ ബജറ്റ് 21.03.2020 തീയതിയിലെ 1(1) -ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 214385015 | 213493515 |
| എ എഫ് എസ് പ്രകാരം | 70482080 | 73554698 |

ബജറ്റ് പ്രകാരമുള്ള വരവും-ചെലവും,വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. ഗ്രാന്റിനത്തിലുള്ള പ്രതീക്ഷിത വരവ് യഥാർത്ഥത്തിൽ ലഭ്യമായതിൽ കൂടുതൽ കണക്കാക്കിയതു കൊണ്ടാണ് പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ വളരെയധികം വർദ്ധനവ് കാണിക്കുന്നത്. ബജറ്റിലെ വരവ്-ചെലവ് കണക്കുകൾ വസ്തുതാപരമായി കൃത്യമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 03.06.2021 |

### 1-2-1 വാർഷിക ധനകാര്യപത്രിക - അപാകതകൾ

1) വിവിധ എസ് സി കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ പദ്ധതിക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 172563 രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. ആയതിന് ധന വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഈ തുക റെസീപ്റ്റ് & പെയ്മെന്റ് RP 38 Fixed Assets ഷെഡ്യൂളിൽ ഹെഡ് നമ്പർ -410600102 - Electricity Line Extension ൽ ചേർത്തിട്ടുണ്ട്. ധന വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ അഡ്വാൻസ് തുക Fixed Assets ൽ ചേർത്തത് ശരിയായ നടപടിയല്ല.
2) ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

.

### 1-3 സാമ്പത്തിക വിശകലനം ( റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13387814 |
| വരവ് | 70482080 |
| ആകെ | 83869894 |
| ചെലവ് | 73554698 |
| നീക്കിയിരിപ്പ് | 10315196 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11491849 |

.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | പ്രകാരം വരവ് | | | | ലാപ്സായ തുക |
| വികസനഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 34412030 | 34412030 | 34397194 | - | 14836 |
| വികസനഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 16162000 | 16162000 | 15062872 | - | 1099128 |
| വികസനഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 848000 | 848000 | 233200 | - | 614800 |
| മെയിന്റനൻസ് - നോൺ റോഡ് (ACR പ്രകാരം) | 0 | 6006625 | 6006625 | 3335481 | - | 2671144 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied ( ACR പ്രകാരം) | 0 | 6460000 | 6460000 | 3694030 | - | 2765970 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-un Tied ( ACR പ്രകാരം) | 0 | 6460000 | 6460000 | 4007234 | - | 2452766 |
| കേന്ദ്രാവിഷ്കൃതം -IAY -General(320100110) | 4180445 | 242277 | 4422722 | 98000 | 4324722 | - |
| കേന്ദ്രാവിഷ്കൃതം -IAY -Special Component Plan(320100111) | 2390324 | 29080 | 2419404 | 336000 | 2083404 | - |
| കേന്ദ്രാവിഷ്കൃതം -ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ (320100115) | 405596 | 0 | 405596 | 660 | 404936 | - |
| കേന്ദ്രാവിഷ്കൃതം -Other Grants (320100299) | 0 | 18788 | 18788 | 6575 | 12213 | - |
| സംസ്ഥാനാവിഷ്കൃതം-സാക്ഷരത (320200309) | 340457 | 9354 | 349811 | 0 | 349811 | . |
| Grants ,Funds, & Contributions For Specific Purposes- | 25600 | 0 | 25600 | 0 | 25600 | - |

| | | | | | | |
|---|---|---|---|---|---|---|
| other Financial Institutions (320400199) | | | | | | |
| Other Grants, Funds & Contributions For Specific Purposes Capital (320800199) | 0 | 35,00,000 | 35,00,000 | 28,37,576 | 6,62,424 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 91470234 | 140 | 61551295 | 39 | 28 | 60% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.03.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന നടത്തിയ തീയതിയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനം ലഭിക്കുന്നതിൽ പരിമിതികൾ ഉണ്ടെങ്കിലും ലഭ്യമായ വരുമാന സ്രോതസ്സ് കൃത്യമായി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്. വാടക തുടങ്ങിയ ഇനങ്ങൾ കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ നിർവ്വഹണോദ്യോഗസ്ഥർ തങ്ങളുടെ പദ്ധതികൾ നടപ്പാക്കുന്നതിൽ കൂടുതൽ ഇടപെടൽ നടത്തേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന് എൽ.എസ്. ജി.ഡി. എൻജിനീയറിംഗ് വിംഗിൽ കഴിഞ്ഞ ഒരുവർഷമായി അസിസ്റ്റന്റ് എൻജിനീയറുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. എംപ്ലോയ്മെന്റിൽ നിന്ന് തല്ക്കാലികാടിസ്ഥാനത്തിൽ നിയമിതനായ എൻജിനീയറാണ് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത്. താല്ക്കാലികാടിസ്ഥാനത്തിലുള്ള എൻജിനീയറായതുകൊണ്ട് പദ്ധതികളുടെ സാമ്പത്തികക്രയവിക്രയം ഈ ഉദ്യോഗസ്ഥനെ ഏൽപ്പിക്കാൻ കഴിയാതെവരികയും, ഇത് മരാമത്ത് പദ്ധതികളുടെ നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ അഭാവം പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ പിറകോട്ട് വലിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നുവർഷമായി വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിനിയോഗച്ചെലവ് വളരെ കുറവാണെന്നത് ഇതിന്റെ പരിണതഫലമാണ്. ഈയൊരു സാഹചര്യം ഒഴിവാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ അത്യന്താപേക്ഷിതമാണ്.

.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 31.12.2021 | 2020-21 | ലഭിച്ചിട്ടില്ല |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2013 ആഗസ്റ്റ് | 2012-13 | 16.05.2014 |

## 1-11 രസീത് പരിശോധന - അപാകങ്ങൾ

രസീത് പരിശോധന സംബന്ധിച്ച് അപാകങ്ങൾ താഴെ ചേർക്കുന്നു.

1) സാംഖ്യാ രസീത് സ്റ്റേഷനറിയിൽ കമ്പ്യൂട്ടർ ജനറേറ്റഡ് പ്രിന്റ് പതിപ്പിച്ച സാംഖ്യാ രസീത് നൽകാതെ പേന ഉപയോഗിച്ച് എഴുതി സാംഖ്യാ രസീത് നൽകുന്നു. ഉദാ: 1-1-2021 ലെ ഡേബുക്കിൽ 120030100097 നമ്പർ സാംഖ്യാ രസീത് പ്രകാരം 1180 രൂപ ചിന്മയ കുടുംബശ്രീയിൽ നിന്നും വാടക ഇനത്തിൽ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 8940242 നമ്പർ സാംഖ്യാ രസീത് സ്റ്റേഷനറിയിൽ പേന ഉപയോഗിച്ച് 1-1-2021 ൽ 1180 രൂപ ചിന്മയ കുടുംബശ്രീയിൽ നിന്നും വാടക ഇനത്തിൽ വരവ് വന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. 120030100037 എന്ന രസീത് നമ്പറാണ് രസീതിൽ രേഖപ്പെടുത്തിയത്. ഈ രസീത് നമ്പർ 1-1-2021 ലെ ഡേബുക്കിൽ ഇല്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/14-3-2022) പ്രിന്റർ തകരാർ മൂലമാണ് രസീത് നമ്പർ എഴുതി ചേർത്തതെന്നും 120030100097 നമ്പറിനു പകരം 120030100037 എഴുതിപ്പോയെന്നും മറുപടി നൽകിയിട്ടുണ്ട്. രസീതുകളിൽ തെറ്റായ രേഖപ്പെടുത്തലുകളോ പ്രിന്റർ തകരാറോ മൂലമുള്ള തെറ്റുകളോ വന്നാൽ അവ റദ്ദ് ചെയ്ത് അടുത്ത രസീത് നൽകേണ്ടതാണ്.
2) 8940155 നമ്പർ സാംഖ്യാ രസീത് സ്റ്റേഷനറിയിൽ 2000 രൂപ ഇലക്ഷൻ ഡെപോസിറ്റ് ഇനത്തിൽ ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ആരിൽ നിന്ന് ഈടാക്കിയതാണെന്നോ , തീയതിയോ , രസീത് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല.

3) 8940156 നമ്പർ സാംഖ്യാ രസീത് സ്റ്റേഷനറിയിൽ 2000 രൂപ നോമിനേഷൻ ഫീ ഇനത്തിൽ വരവ് വന്നതായി അച്ചടിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. 120030100008 നമ്പറും, ഷമീർ ജുഹാബിൽ എന്ന പേരും പേന ഉപയോഗിച്ച് എഴുതി ചേർത്തു. തീയതി രേഖപ്പെടുത്തിയിട്ടില്ല. സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) 8940200 നമ്പർ സാംഖ്യാ രസീത് സ്റ്റേഷനറിയിൽ 2000 രൂപ മുഹമ്മദ് പി എ യിൽ നിന്ന് ഇലക്ഷൻ ഡെപോസിറ്റ് ഇനത്തിൽ ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ തീയതിയോ രസീത് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല.

5) റദ്ദ് ചെയ്യുന്ന രസീതുകളിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ: രാജൻ കൊമ്പനാലിയിൽ നിന്നും ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 2000 രൂപ വരവ് വന്ന 120030100066 നമ്പർ സാംഖ്യാ രസീത് റദ്ദ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല. രസീതുകൾ റദ്ദ് ചെയ്യുമ്പോൾ അവയിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ ചേർത്ത അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/14-3-2022) പ്രിന്റർ സെറ്റിംഗിൽ വന്ന തകരാർ മൂലമാണ് സംഭവിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. തീയതിയും, രസീത് നമ്പറും, രേഖപ്പെടുത്താത്ത രസീതുകൾ നൽകുന്നതും സാംഖ്യാ രസീതുകളിൽ പേന ഉപയോഗിച്ച് രേഖപ്പെടുത്തുന്നതും ശരിയായ നടപടിയല്ല. രസീതുകൾ ശ്രദ്ധയോടെ ഇഷ്യൂ ചെയ്യേണ്ടതാണ്.

## 1-12 ഗ്രാന്റിനത്തിൽ വരവ് വന്ന തുക ചെലവാക്കിയില്ല.

ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂളിലെ ഹെഡ് നമ്പർ - 320700203 - Contributions For Joint Venture Projects (For Revenue Expenditure) - From Village Panchayats പ്രകാരം 415000 രൂപയും, ഹെഡ്നമ്പർ - 320700210 - Contributions For Joint Venture Projects(for Centrally Sponsored Scheme) - From District Panchayats പ്രകാരം 8000 രൂപയും മുൻവർഷവും തൻവർഷവും നീക്കിയിരിപ്പുണ്ട്. തൻവർഷം

ഈ ഹെഡിൽ ട്രാൻസാക്ഷൻ നടന്നിട്ടില്ല. ഇവയുടെ ലെഡ്ജർ പരിശോധിച്ചത് പ്രകാരം IAY പദ്ധതി ഇനത്തിൽ ലഭ്യമായതാണെന്ന് ബോധ്യപ്പെട്ടു. തൻവർഷം ഈ ഹെഡുകളിൽ നിന്ന് തുക ചെലവാക്കാത്തത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/14-3-2022) ഈ തുകകൾ 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ബാക്കി വരുന്ന തുകയാണ് എന്ന മറുപടി മാത്രമാണ് ലഭ്യമായത്. ഗ്രാന്റിനത്തിൽ ലഭ്യമായ തുക ചെലവാക്കാതെ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. മേൽ തുക പദ്ധതി പ്രകാരം ചെലവാക്കേണ്ടതോ ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടക്കേണ്ടതോ ആണ്.

## 1-13 തനത് ഫണ്ട് ചെലവ് - അപാകതകൾ

| വൌച്ചർ നം. | തുക | വിശദാംശങ്ങൾ | അപാതകൾ |
|---|---|---|---|
| 18/20-21 Of 7/20 | 22,800 | ചെയറുകൾ (4nos)വാങ്ങിയത്. മെസ്സേഴ്സ് അഭിലാഷ് ബെഡ് &ഫർണിച്ചർ മാൾ, പെരുമ്പാവൂർ | 15/5/20ലെ ക്വട്ടേഷൻ പരസ്യപ്രകാരം ലഭിച്ച ക്വട്ടേഷനുകൾ ലഭ്യമാക്കിയിട്ടില്ല. |
| 23/20-21 Of 8/20 | 21,100 | “ | ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. |
| ആകെ തുക | 43,900 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/04.03.2022) മറുപടി നൽകിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക 43,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

താഴെകൊടുക്കുന്ന പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

| പദ്ധതി നം. പേര് | ചെലവ് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| 19/21 ലൈഫ് ഭവനനിർമ്മാണം | 62,00,000 | വിവിധ പഞ്ചായത്തുകൾ |
| 178/21 വിവിധ SC കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 1,72,563 | KSEB Electrical Sn, Kizhakkambalam |
| 159/21 കാക്കാട്ടിക്കുളം നവീകരണം കിഴക്കമ്പലം | 5,00,000 | കിഴക്കമ്പലം ഗ്ര.പ |
| 20/21 ലൈഫ് (PMAY) ഭവനനിർമ്മാണം | 39,00,000 | ചൂർണിക്കര, കീഴ്മാട് പഞ്ചായത്തുകൾക്ക് |
| 21/21 ലൈഫ് (PMAY) ഭവനനിർമ്മാണം | 1,69,600 | കിഴക്കമ്പലം ഗ്ര.പ |
| ആകെ തുക | 1,09,42,163 | |

പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതു വരെ 10942163/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വെങ്ങോല – നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് മരുന്ന് വാങ്ങൽ. |
| പ്രോജക്ട് നം. | 09/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വെങ്ങോല. |
| ബിൽ നം./തീയതി | 17/20-21 തീയതി. 19.02.2021 |
| ആകെ പദ്ധതി അടങ്കൽ | രൂ.3,03,400/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ആകെ പദ്ധതി ചെലവ് | രൂ.3,03,000/- |

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ 3,03,000/-രൂപ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചു. എന്നാൽ 1,38,922/-രൂപയുടെ മരുന്ന് പി.എച്ച്.സി.-ൽ ഇതുവരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കുമ്പോൾ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ 1,38,922/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സെക്കന്ററി പാലിയേറ്റീവ് |
| പ്രോജക്ട് നം. | 06/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വെങ്ങോല. |
| ആകെ പദ്ധതി അടങ്കൽ | രൂ.4,00,000/-സാധാരണ വിഹിതം (ജനറൽ) |
| ആകെ പദ്ധതി ചെലവ് | രൂ.3,96,380/- |

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ 3,96,380/- രൂപ ചെലവഴിച്ചു. അതിൽ 1,47,000/-രൂപ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചു. എന്നാൽ താഴെപ്പറയുന്ന തുകയ്ക്കുള്ള മരുന്നുകൾ പി.എച്ച്.സി.-ൽ ഇതുവരെ ലഭിച്ചിട്ടില്ല.

| മരുന്നിനു ചെലവഴിച്ച ആകെ തുക | ബിൽ നം./തീയതി | ബാക്കി ലഭിക്കാനുള്ള മരുന്നിന്റെ ആകെ തുക |
|---|---|---|
| 30000 | 24/20-21, തീയതി 28.03.21 | 30000 |
| 1,17,000 | 25/20-21, തീയതി 28.03.21 | 33478 |
| 1,47,000/- | | 63478/- |

മരുന്ന് ലഭിക്കുമ്പോൾ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ 63478/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന ക്രമ നമ്പർ (1)&(2) എന്നിവയോടനുബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.9-14/03/2022) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

### 1-16 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മലയിടംതുരുത്ത് - നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സി.എച്ച്.സി.-ക്ക് മരുന്ന് വാങ്ങൽ. |

| | |
|---|---|
| പ്രോജക്ട് നം. | 15/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മലയിടംതുരുത്ത് |
| 1. രൂ.203081/-പ്രോഫോർമ ഇൻവോയ്സ് നം./തീയതി : PRF1613/27.07.20<br>2.രൂ.100305/-പ്രോഫോർമ ഇൻവോയ്സ് നം./തീയതി : PRF5025/03.02.21) | ബിൽ നം./തീയതി<br>89/20-21 തീയതി. 19.08.2020<br>187/20-21 തീയതി. 03.03.2021 |
| ആകെ പദ്ധതി അടങ്കൽ | രൂ.3,03,400/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ആകെ പദ്ധതി ചെലവ് | രൂ.3,03,386/- |

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ 3,03,386/-രൂപ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മരുന്ന് ലഭ്യമാക്കുന്നതിനായി കൊടുത്തു. എന്നാൽ ഈ തുകയ്ക്കുള്ള മരുന്ന് ഇതുവരെ സി.എച്ച്.സി.-ൽ ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കുമ്പോൾ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ 3,03,386/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതിനോടനുബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.8-14/03/2022) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-17 കുഴിച്ചെടുത്ത മണ്ണിന്റെ വില കുറയ്ക്കുകയോ ഉപയോഗം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല

വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിൽ 2020-21 സാമ്പത്തികവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളിൽ " Excavation In Cutting In Soil By Manual Means ....” (Item No.1) എന്ന ഇനത്തിൽ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തുകയും ആയതിന്റെ ലേബർ ചാർജ്ജിനത്തിൽ തുക നല്കുകയും ചെയ്തിട്ടുണ്ട്. . എന്നാൽ കുഴിച്ചെടുത്ത മണ്ണ് പുനരുപയോഗിക്കാൻ പറ്റാത്തതായി രേഖപ്പെടുത്തുകയോ, കുഴിച്ചെടുത്ത മണ്ണിന്റെ അളവ് ഇതേ പ്രവൃത്തികളിൽ “Filling With Departmental Soil ....... " എന്ന ഇനത്തിൽ കുറവ് ചെയ്തതായോ ബന്ധപ്പെട്ട അളവുപുസ്തകങ്ങളിൽ രേഖപ്പെടുത്തി കാണുന്നില്ല. ഈ സാഹചര്യത്തിൽ കുഴിച്ചെടുത്ത മണ്ണ് എന്തിന് ഉപയോഗിച്ചു എന്ന് വിശദീകരിക്കേണ്ടതാണ് എന്ന് ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (12/20-21) നല്കിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| പ്രവൃത്തിയുടെ പേര് പ്രൊ.നമ്പർ | അടങ്കൽ തുക | കരാർ തുക | കോൺട്രാക്ടറുടെ പേര് | എഗ്രിമെന്റ് നമ്പർ-തീയതി | ആകെ ചെലവ് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് | കുഴിച്ചെടുത്ത മണ്ണിന്റെ തുക | അളവ് പുസ്തക നമ്പർ |
|---|---|---|---|---|---|---|---|---|
| എലവുകട്ടി തോട് ഫീൽഡ് ചാനൽ വെങ്ങോല ഗ്രാമപഞ്ചായത്ത് - S25/21 | 500000 | 384254 | മുഹമ്മദ് സക്കറിയ സി.എം | 42/AE/VBP /20-21 20-02-21 | 384252 | 54.810 $M^3$ | 11524 | 699/20-21 |
| വിരിച്ച് പാടം തോട് സൈഡ് വാൾ നിർമ്മാണം കീഴ്മാട് | 500000 | 418424 | അസ്ഹർ ടി.ഐ. | 19/AE/VBP /20-21 07-10-20 | 418424 | 25.702 $M^3$ | 5885 | 702/20-21 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് - S67/21 | | | | | | | | |
| തച്ചത്തോട് പുഞ്ചത്തോട് കാന സംരക്ഷണം വാഴക്കുളം ഗ്രാമപഞ്ചായത്ത് -S210/21 | 500000 | 445479 | മുഹമ്മദ് ഷെരീഫ് കെ.എ. | 18/AE/VBP /20-21 07-10-21 | 436483 | 76.850 $M^3$ | 17441 | 497/20-21 |
| വൈശാലി സൈഡ് ചപ്പാത്ത് എടത്തല ഗ്രാമപഞ്ചായത്ത് S56/21 | 500000 | 169602 | ടി.പി. സൈനുദ്ദീൻ | 10/AE/VBP /20-21 09-09-20 | 151430 | 14.49 $M^3$ | 3534 | - |
| മുക്കോട്ടുപാടം ഫീൽഡ് ചാനൽ നിർമ്മാണം- വെങ്ങോല ഗ്രാമപഞ്ചായത്ത് - S26/21 | 500000 | 479952 | കെ.വി. സുരേഷ് ബാബു | 21/AE/VBP /20-21 13-10-21 | 446385 | 36 $M^3$ | 8780 | 587/20-21 |
| തുരുത്തിക്കാലിച്ചിറ- കമ്പളം പറമ്പ് റോഡ് ഐറീഷ് ഡ്രൈയിനേജ S221/21 | 100000 | 757549 | നിഷാദ് പി.എ | 49/AE/VBP /20-21 26-02-21 | 739247 | 62.601 $M^3$ | 15269 | 693/20-21 |

മരാമത്ത് പ്രവൃത്തികളിൽ നീക്കം ചെയ്ത മണ്ണ് ഉൾപ്പെടെയുള്ള സാമഗ്രികൾ എപ്രകാരം ഉപയോഗിച്ചു എന്നും, ഉപയോഗയോഗ്യമല്ലെങ്കിൽ ആ വിവരവും, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഉപയോഗയോഗ്യമായ മണ്ണ് പുനരുപയോഗിച്ചില്ലെങ്കിൽ കുഴിച്ചെടുത്ത മണ്ണിന്റെ വില ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് കുറയ്ക്കേണ്ടതുമാണ്.

## 1-18 ആസ്തി പരിപാലനവും മോണിറ്ററിംഗും ഫലപ്രദമല്ല

വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് 2016-17 മുതൽ 2020-21 വരെ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പൊതുകെട്ടിടങ്ങൾ ( വനിത വ്യവസായ കേന്ദ്രങ്ങൾ) നിർമ്മിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര് | പ്രൊജക്ടിന്റെ നമ്പർ | ചെലവ് തുക |
|---|---|---|---|
| 1 | പകൽ വീട് മൂന്നാം ഘട്ടം -പൂർത്തീകരണം- കിഴക്കമ്പലം ഗ്രാ. പ.- ഡിവിഷൻ 9 | S045/21 | 347327 |
| 2 | എടത്താക്കര അംഗൻവാടിയുടെ മുകളിൽ വനിതാവികസന കേന്ദ്രം - വെങ്ങോല ഗ്രാ.പ.- ഡിവിഷൻ 6 | S093/21 | 352387 |
| 3 | പൊയ്യക്കുന്ന് എസ്.സി. വനിത വികസനകേന്ദ്രത്തിന് അടിസ്ഥാനസൗകര്യം ഒരുക്കൽ- കിഴക്കമ്പലം ഗ്രാ. പ.- ഡിവിഷൻ 8 | S094/21 | 0 |
| 4 | താമരച്ചാൽ വനിത വികസനകേന്ദ്രത്തിന് അടിസ്ഥാനസൗകര്യം ഒരുക്കൽ- കിഴക്കമ്പലം ഗ്രാ. പ.- ഡിവിഷൻ 14 | S095/21 | 435198 |
| 5 | ശാലോം അംഗൻവാടിയുടെ മുകളിൽ വനിതാവികസന കേന്ദ്രം - വെങ്ങോല ഗ്രാ.പ.- ഡിവിഷൻ 7 | S096/21 | 405213 |
| 6 | 72-ാം നമ്പർ അംഗൻവാടിയുടെ മുകളിൽ വനിതാവികസന കേന്ദ്രം - വാഴക്കുളം ഗ്രാ.പ.- ഡിവിഷൻ 10 | S097/21 | 439488 |
| 7 | 11-ാം നമ്പർ അംഗൻവാടിയുടെ മുകളിൽ വനിതാവികസന കേന്ദ്രം - വെങ്ങോല ഗ്രാ.പ.- ഡിവിഷൻ 4 | S099/21 | 388280 |

| | | | |
|---|---|---|---|
| 8 | മാറമ്പിള്ളി അംഗൻവാടിയുടെ മുകളിൽ വനിതാവികസന കേന്ദ്രം- പൂർത്തീകരണം- വാഴക്കുളം ഗ്രാ.പ.-ഡിവിഷൻ 3 | -S100/21 | 99945 |
| 9 | എടയപ്പുറം സബ്സെൻ്റർ വനിതാവികസന കേന്ദ്രം- നിർമ്മാണം-ഡിവിഷൻ 1 | S0118/21 | 437121 |
| 10 | 15-ാം നമ്പർ അംഗൻവാടിയുടെ മുകളിൽ വനിതാവികസന കേന്ദ്രം - വെങ്ങോല ഗ്രാ.പ.-ഡിവിഷൻ 4 | S119/21 | 384296 |
| 11 | വനിതാവികസന കേന്ദ്രം- പൂർത്തീകരണം- കീഴ്മാട് ഗ്രാ.പ.-ഡിവിഷൻ 2 | S139/21 | 208276 |
| 12 | മാറമ്പിള്ളി 50-ാം നമ്പർ അംഗൻവാടിയുടെ മുകളിൽ വനിതാവികസന കേന്ദ്രം- പൂർത്തീകരണം-വാഴക്കുളം ഗ്രാ.പ.-ഡിവിഷൻ 3 | S146/21 | 464571 |
| 13 | പി.എച്ച്.സി.-ക്ക് മുകളിൽ വനിതാവികസന കേന്ദ്രം- നിർമ്മാണം-വെങ്ങോല ഗ്രാ. പ.-ഡിവിഷൻ 9 | S147/21 | 451748 |
| 14 | വനിതാവികസന കേന്ദ്രം- പൂർത്തീകരണം- എടത്തല ഗ്രാ.പ.-ഡിവിഷൻ 11 | S153/21 | 299674 |
| 15 | പകൽ വീട് നവീകരണം- രണ്ടാം ഘട്ടം -പൂർത്തീകരണം- കിഴക്കമ്പലം ഗ്രാ. പ.-ഡിവിഷൻ 9 | S196/21 | 315362 |
| 16 | ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് പകൽവീടിന് മുകളിൽവനിതാവികസന കേന്ദ്രം- നിർമ്മാണം- ചൂർണ്ണിക്കര ഗ്രാ. പ.- ഡിവിഷൻ 15 | S219/21 | 0 |

മേൽപ്പറഞ്ഞ പ്രൊജക്ടുകൾ വഴി നിർമ്മിച്ച പൊതുകെട്ടിടങ്ങൾ ബ്ലോക്കിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതാണോ, അല്ലെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്കോ മറ്റേതെങ്കിലും ഏജൻസിക്കോ കൈമാറ്റം ചെയ്തിട്ടുണ്ടോ, നിലവിൽ ഈ കെട്ടിടങ്ങളിൽ പ്രൊജക്ട് ലക്ഷ്യമിട്ടിട്ടുള്ള സേവനങ്ങൾക്ക് വേണ്ടി പ്രവർത്തനം നടക്കുന്നുണ്ടോ എന്നീ വിവരങ്ങളും ആസ്തികളുടെ നിലവിലെ സ്ഥിതി നല്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.4) നല്കിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് കൃത്യമായ വിവരം ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല എന്നാണ് വ്യക്തമാകുന്നത്.

ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം), ധനകാര്യക്കമ്മീഷൻ വിഹിതം എന്നിവ ഉപയോഗിച്ചാണ് ബ്ലോക്ക് പഞ്ചായത്ത് തങ്ങളുടെ അധികാര പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ വിവിധ വാർഡുകളിൽ വനിത വ്യവസായ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പൊതു ആസ്തികൾ നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ഈ കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യവികസനം മാത്രമേ ബ്ലോക്ക് വിഹിതം ഉപയോഗിച്ച് ചെയ്യുന്നുള്ളൂ എന്നും, പിന്നീട് ഈ കെട്ടിടം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുകയാണെന്നും ആയതിനാൽ പിന്നീട് ഈ കെട്ടിടങ്ങളിൽ പ്രൊജക്ടിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ തന്നെ ചെയ്യുന്ന എന്ന് ഉറപ്പുവരുത്താവില്ലെന്നുമാണ് ബ്ലോക്ക് പഞ്ചായത്ത് നല്കുന്ന മറുപടിയിൽ വിശദീകരിക്കുന്നത്.

ഈ സാഹചര്യത്തിൽ നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഗ്രാന്റിനങ്ങൾ ഉപയോഗിച്ച് പണിത വനിത വ്യവസായ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പൊതുആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി കണക്കാക്കുന്നില്ല എന്ന് മാത്രമല്ല പിന്നീട് ഈ കെട്ടിടങ്ങളിൽ എന്തുതരം പ്രവർത്തനങ്ങളാണ് നടക്കുന്നത് എന്ന് ബ്ലോക്ക് പഞ്ചായത്തിന് മോണിറ്റർ ചെയ്യുന്നതിനും സാധിക്കുന്നില്ല. ഈ അപാകത പരിഹരിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ഇടപെടൽ ആവശ്യമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൌണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വെങ്ങോല ഗ്രാമപഞ്ചായത്ത് | 415000 | 2018-19 | - | PMAY ഭവന പദ്ധതി | - | 415000 |
| ജില്ലാ പഞ്ചായത്ത് | 8000 | 2018-19 | - | PMAY ഭവന പദ്ധതി | - | 8000 |
| കീഴ്മാട് ഗ്രാമപഞ്ചായത്ത് | - | 2020-21 | 423750 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 423750 | 0 |
| കീഴ്മാട് ഗ്രാമപഞ്ചായത്ത് | - | 2020-21 | 84000 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 84000 | 0 |
| എടത്തല ഗ്രാമപഞ്ചായത്ത് | - | 2020-21 | 280000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 280000 | 0 |
| എടത്തല ഗ്രാമപഞ്ചായത്ത് | - | 2020-21 | 56000 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 56000 | 0 |
| ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | - | 2020-21 | 280000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 280000 | 0 |
| വാഴക്കുളം ഗ്രാമപഞ്ചായത്ത് | - | 2020-21 | 261650 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 261650 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വാഴക്കുളം ഗ്രാമപഞ്ചായത്ത് | - | 2020-21 | 133840 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 133840 | 0 |
| കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | - | 2020-21 | 304600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 304600 | 0 |
| കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | - | 2020-21 | 390000 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 390000 | 0 |
| വെങ്ങോല ഗ്രാമപഞ്ചായത്ത് | - | 2020-21 | 398000 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 398000 | 0 |

## 4-3 നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | വിവിധ പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ- ഡിവിഷൻ 12- എടത്തല ഗ്രാമപഞ്ചായത്ത് | 20110463017201440041 | 167200 | 167200 | 0 |
| അനർട്ട് | വിവിധ പട്ടികവർഗ്ഗ കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | 20110463017201440049 | 63600 | 63600 | 0 |
| അനർട്ട് | വിവിധ പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | 20110463017201440055 | 334400 | 334400 | 0 |
| അനർട്ട് | വിവിധ | 20110463017200020398 | 462000 | 462000 | 0 |

| | | | | | |
|---|---|---|---|---|---|
| | പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ -കീഴ്മാട് ഗ്രാമപഞ്ചായത്ത് ഡിവിഷൻ 1 | | | | |
| അനർട്ട് | വിവിധ പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ- വാഴക്കുളം ഗ്രാമപഞ്ചായത്ത് -ഡിവിഷൻ 4 | 20110463017200020402 | 490000 | 490000 | 0 |
| അനർട്ട് | വിവിധ പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ- വാഴക്കുളം ഗ്രാമപഞ്ചായത്ത് -ഡിവിഷൻ3 | 20110463017200020399 | 462000 | 462000 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ എസ്സി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ- കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് ഡിവിഷൻ 9 | 2011046301721454067 | 172563 | 172563 | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2020-21 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70482080 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73554698 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11491849 |

ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-13 | 43900 | പ്രസാദ്.എസ്, സെക്രട്ടറി |
| 1-14 | 10942163 | ഫ്ലവിഷ് ലാൽ ടി വി, സെക്രട്ടറി |
| 1-15(1)<br>1-15(2) | 138922<br>63478 | ഡോ.അനിത.എൻ.ഷേണായി, മെഡിക്കൽ ഓഫീസർ , സി.എച്ച്.സി,വെങ്ങോല |
| 1-16 | 303386 | ഡോ.മോഹനചന്ദ്രൻ.എ.പി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മലയിടംതുരുത്ത് |
| ആകെ | 11491849 | |

ഡി) കേന്ദ്ര- സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രസാദ്.എസ് | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | വിളയിൽ പുത്തൻ വീട്, കോണാട്ട്,പൂയ്യപ്പിള്ളി, കൊല്ലം-691537 |
| ഫ്ലവിഷ് ലാൽ.ടി.വി | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | ഗീതാഞ്ജലി, പാലസ് റോഡ്, നോർത്ത് പറവൂർ-685514 |
| ഡോ.അനിത.എൻ. ഷേണായി | മെഡിക്കൽ ഓഫീസർ സി.എച്ച്. സി | വില്ല നമ്പർ 5, വാനില ഗ്രോവ്, കോലഞ്ചേരി പി ഒ 682311 |

| | | |
|---|---|---|
| ഡോ.മോഹനചന്ദ്രൻ.എ.പി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ദേവദത്തം, പ്രിൻസ് നഗർ, തൃക്കാക്കര പി ഒ 682021 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി)1600/19 തീ.05.08.19 |
| 2003-04 | ,, ,, |
| 2009-10 | ,, ,, |
| 2010-11 | ,, ,, |
| 2015-16 | ,, ,, |
| 2016-17 | കെ.എസ്.എ -ഇകെഎം(ബി.പി)26/19,തീയതി.23.03.19 |
| 2017-18 | കെ.എസ്.എ-ഇകെഎം(ബി.പി)281/19,തീയതി.11.07.19 |
| 2018-19 | കെ.എസ്.എ-ഇകെഎം(ബി.പി)197/20, തീയതി.04.11.2020 |
| 2019-20 | കെ.എസ്.എ-ഇകെഎം(ബി.പി)368/22, തീയതി.23.06.2022 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തരമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്